**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 656** **09-06-2021 - ൽ മറുപടിയ്ക്ക്**

**പ്രധാനമന്ത്രി കൃഷി സഞ്ചായി യോജന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൃഷിഭവനുകൾ നടപ്പിലാക്കുന്ന പ്രധാനമന്ത്രി കൃഷി സഞ്ചായി യോജന (പി. എം. കെ. എസ്. വൈ ) പദ്ധതിയിൽ സ്പ്രിംഗ്ളർ, ഡ്രിപ്പ് ജലസേചന പദ്ധതികൾ സ്ഥാപിക്കുന്നതിന് നിലവിൽ സബ്സിഡി നൽകുന്നുണ്ടോ എന്നറിയിക്കുമോ; | (എ) | ഉണ്ട്. |
| (ബി) | അപ്രകാരം നൽകുന്ന സബ്സിഡിയുടെ എത്ര ശതമാനം കേന്ദ്രവിഹിതമായി ലഭിക്കും എന്ന് വ്യക്തമാക്കുമോ; | (ബി) | ചെറുകിട നാമമാത്ര കർഷകർക്ക് ആകെ സബ്സിഡി ആയി 80% ലഭിക്കുമ്പോൾ അതിൽ 41.25% കേന്ദ്ര വിഹിതവും ബാക്കി 58.75% സംസ്ഥാന വിഹിതവും ആണ്. മറ്റു കർഷകർക്ക് 70% സബസിഡി ലഭിക്കുമ്പോൾ 38.57% കേന്ദ്ര വിഹിതവും ബാക്കി 61.43% സംസ്ഥാന വിഹിതവുമാകുന്നു. |
| (സി) | ഡ്രിപ്പ്, സ്പ്രിംഗ്ളർ തുടങ്ങിയ സൂക്ഷ്മജലസേചന രീതികളോട് സംസ്ഥാനത്തെ കർഷകർ വിമുഖത കാട്ടുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്താണ് പ്രസ്തുത പദ്ധതി നിലവിൽ നടപ്പിലാക്കിയിട്ടുള്ളത്; ആയത് കൂടുതൽ സ്ഥലത്തേക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | സംസ്ഥാന ഹോർട്ടികൾച്ചറൽ മിഷൻ-കേരള, പ്രധാന മന്ത്രി കൃഷി സഞ്ചായി യോജന പദ്ധതിയിൽ ഉൾപ്പെടുത്തി 2014-15 സാമ്പത്തിക വർഷം മുതൽ 2020-21 സാമ്പത്തിക വർഷം വരെ 2322.27 ഹെക്ടർ സ്ഥലത്തു ഡ്രിപ്പ് ഇറിഗേഷനും 1209.45 ഹെക്ടർ സ്ഥലത്ത് സ്പ്രിംഗ്ളർ ഇറിഗേഷനും നടപ്പിലാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കൂടുതൽ സ്ഥലത്തേയ്ക്ക് പ്രസ്തുത പദ്ധതി നടപ്പിലാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ